# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## ഭൂമിയെ സ്നേഹിച്ച് പരിപാലിക്കുക : ഫ്രാൻസീസ് പാപ്പ



ഇറ്റലിയിലെ ദേശീയകാർഷികസംഘടനയുടെ എഴുപതാം വാർഷിക ആഘോഷ വേളയിൽ സംഘടനാംഗങ്ങൾ പാപ്പായെ സന്ദർശിച്ചു. ശനിയാഴ്ചയാണ് വാർഷികാഘോഷങ്ങൾ സംഘടിപ്പിച്ചിരുന്നത്. കാർഷികവിഭവങ്ങൾ മാനവികതയുടെ ഭാഗമാണെന്നും കൃഷിയിലൂടെയാണ് എല്ലാ ഭൂഖണ്ഡങ്ങളും ഭക്ഷണം കഴിക്കുന്നതെന്നും
പാപ്പാ ഓർമ്മിപ്പിച്ചു. 'നല്ല ഭക്ഷണമാണ് ജീവൻ നിലനിർത്തുന്നത്.' ക്ലമന്റേറിയൻ ഹാളിൽ ഒന്നുചേർന്ന കർഷകസംഘടനയിലെ അംഗങ്ങളോടാണ് പാപ്പ ഇപ്രകാരം പറഞ്ഞത്. രണ്ടാം വത്തിക്കാൻകൗൺസിൽ, ഭൂമിയുടെ നിലനിൽപ്പിനാധാരം കാർഷിക മേഖലയാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഭക്ഷ്യോത്പാദനത്തെക്കുറിച്ചും വിതരണത്തെ ക്കുറിച്ചും ഒരു വിചിന്തനം ആവശ്യമാണെന്ന് പാപ്പ പറഞ്ഞു.

മണ്ണിൽ പണിയെടുത്ത് ജീവിക്കാനാണ് ഓരോ മനുഷ്യനും വിളിക്കപ്പെട്ടിരിക്കുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. മാത്രമല്ല, നല്ല വിളവ് സൃഷ്ടിക്കാനും മനുഷ്യന് ബാധ്യതയുണ്ട്. കാലാവസ്ഥ പ്രതികൂലമായി നിൽക്കുന്ന അവസ്ഥയിലും രാജ്യങ്ങൾ ഒന്നിച്ചുനിന്ന് കാർഷികമേഖലയിൽ പ്രവർത്തിക്കണമെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു. ഭൂമിയെ സ്നേഹിച്ച് മുന്നോട്ടുപോകാൻ പാപ്പ കർഷകരെ ആഹ്വാനം ചെയ്തു.''മനുഷ്യകുലത്തിന്റെ ജീവന്റെ ഉറവിടം കാർഷികമേഖലയാണ് പാപ്പാ പറഞ്ഞവസാനിപ്പിച്ചു.